# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23-01-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിൻ്റെ വികസനത്തിന് കേരളത്തിൻ്റെ വികസനം അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തിരുവനന്തപുരത്ത് വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. അമൃത് ഭാരത് ഉൾപ്പെടെ നാല് ട്രെയിനുകളും ഫ്ളാഗ് ഓഫ് ചെയ്തു.

   Prime Minister Narendra Modi said that the development of Kerala is essential for the development of the country. The Prime Minister inaugurated various development projects in Thiruvananthapuram. Four trains, including Amrit Bharat, were flagged off.

2. ഇന്ത്യയുടെ ബഹുമുഖ ചരക്ക് നീക്കത്തിന് ഉൾനാടൻ ജലപാതകൾ തന്ത്രപരമായ പങ്കാളിത്തം വഹിക്കുന്നുവെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ വികസനത്തിന് 1500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു.

   Union Minister Sarbananda Sonowal said that inland waterways play a strategic role in India's multi-faceted cargo movement. A Rs 1,500 crore project was announced for the development of inland waterways in Kerala.

3. അവസരങ്ങളുടെ ചരിത്രപരമായ ജനാധിപത്യവൽക്കരണത്തിനാണ് രാജ്യം സാക്ഷ്യം വഹിക്കുന്നതെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിങ് .

   Union Minister Jitendra Singh said that the country is witnessing a historic democratization of opportunities.

4. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

**Chief Minister Pinarayi Vijayan will inaugurate the construction of the second phase of the Vizhinjam port development work tomorrow.**

5. ശബരിമല സ്വർണ്ണ അപഹരണ കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ മുരാരി ബാബുവിന് ജാമ്യം അനുവദിച്ചു. തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് 14 ദിവസം കൂടി നീട്ടി.

**Former Sabarimala Administrative Officer Murari Babu granted bail in the Sabarimala gold theft case. Tantri Kantararu Rajeevaru remand extended for 14 more days.**

6. ന്യൂസിലാൻഡിനെതിരായ രണ്ടാം ടി–20 ക്രിക്കറ്റ് മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**India won the toss and elected to field in the second Twenty20 cricket match against New Zealand.**

**********************

## PM KERALA (1)

രാജ്യത്തിൻറെ വികസനത്തിന് കേരളത്തിൻറെ വികസനം അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തിരുവനന്തപുരത്ത് വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസിതഭാരതം എന്ന ലക്ഷ്യത്തിനായി രാജ്യം ഒറ്റക്കെട്ടായി പ്രവർത്തിക്കുകയാണെന്നും നഗരങ്ങൾക്ക് അതിൽ വലിയ പങ്കുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

ശാസ്ത്രം , ഗവേഷണം ,ആരോഗ്യം തുടങ്ങിയ മേഖലകളിൽ കേന്ദ്രം കേരളത്തിൽ വലിയ തോതിൽ നിക്ഷേപം നടത്തുന്നതായും ഈ മേഖലകളുടെ ആസ്ഥാന കേന്ദ്രമായി മാറാൻ കേരളത്തിനാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

തിരുവനന്തപുരത്തെ സ്റ്റാർട്ടപ്പ് ഹബ്ബാക്കുന്നതിൻറെ ഭാഗമായുള്ള പദ്ധതിയ്ക്കാണ് ഇന്ന് തുടക്കം കുറിച്ചതെന്നും ശ്രീ.മോദി പറഞ്ഞു. പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ച എല്ലാ പദ്ധതികളും കേരളത്തെ സംബന്ധിച്ച് വലിയ പ്രാധാന്യമുള്ളവയാണെന്ന് ചടങ്ങിൽ പങ്കെടുത്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി എം ബി രാജേഷ്, മേയർ വി വി രാജേഷ്, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും പങ്കെടുത്തു.

**************************

## PM- KERALA (INTRO) -(2)

ഒരു ദിവസത്തെ കേരള സന്ദർശനത്തിൻറെ ഭാഗമായി തിരുവനന്തപുരത്ത് എത്തിയ പ്രധാനമന്ത്രി നാല് പുതിയ ട്രെയിനുകളുടെ ഫ്ലാഗ് ഓഫ് ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്കാണ് തുടക്കം കുറിച്ചത്.

**വിശദാംശങ്ങളിലേക്ക്..**

## PM- KERALA (INTRO) -(2)VOICE

നഗര ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, വഴിയോര കച്ചവടക്കാർക്ക് വേണ്ടിയുള്ള 'പിഎം സ്വനിധി ക്രെഡിറ്റ് കാർഡ്' പ്രധാനമന്ത്രി പുറത്തിറക്കി. ഒരുലക്ഷം ഗുണഭോക്താക്കൾക്ക് പിഎം സ്വനിധി ലോണും അദ്ദേഹം വിതരണം ചെയ്തു. തിരുവനന്തപുരത്തെ സിഎസ്ഐആർ-എൻഐഐഎസ്ടി ഇന്നൊവേഷൻ ടെക്നോളജി ആൻഡ് ഓൻട്രപ്രണർഷിപ്പ് ഹബ്ബിന്റെയും ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ അത്യാധുനിക റേഡിയോ സർജറി സെൻററിൻറെയും ശിലാസ്ഥാപനവും പ്രധാനമന്ത്രി നടത്തി. പൂജപ്പുര ഹെഡ് പോസ്റ്റ് ഓഫീസിൻറെ പുതിയ കെട്ടിടവും

ഉദ്ഘാടനം ചെയ്തു. ഒരു ദിവസത്തെ സന്ദർശനത്തിനായി രാവിലെ 10.15ഓടെ തിരുവനന്തപുരത്തെത്തിയ പ്രധാനമന്ത്രിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. ഓവർ ബ്രിഡ്ജിൽ നിന്ന് പരിപാടി നടക്കുന്ന പുത്തരിക്കണ്ടം മൈതാനം വരെ പ്രധാനമന്ത്രി റോഡ് ഷോ നടത്തി. **ന്യൂസ് ഡസ്ക്, ആകാശവാണി**

**************************

## PM – NEW TRAINS

നാഗർകോവിൽ - മംഗലാപുരം, തിരുവനന്തപുരം - താമ്പരം, തിരുവനന്തപുരം - ചാർലപ്പള്ളി എന്നീ അമൃത് ഭാരത് എക്സ്പ്രസുകളുടേയും തൃശൂർ- ഗുരുവായൂർ പാസഞ്ചർ ട്രെയിനിന്റേയും ഫ്ളാഗ് ഓഫാണ് പ്രധാനമന്ത്രി ഇന്ന് നിർവ്വഹിച്ചത്. പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രവനീത് സിംഗ് ബിട്ടുവും കൊച്ചുവേളിയിൽ നടന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി വി സോമണ്ണയും പങ്കെടുത്തു. തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.

**************************

## PM–BJP

തിരുവനന്തപുരം പുത്തരിക്കണ്ടം

മൈതാനത്ത് സംഘടിപ്പിച്ച ബിജെപി പൊതുയോഗത്തിലും ശ്രീ മോദി സംബന്ധിച്ചു. തിരുവനന്തപുരം കോർപറേഷൻ തിരഞ്ഞെടുപ്പിൽ ബിജെപിയ്ക്ക് വലിയ വിജയം നൽകിയ ജനങ്ങൾക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു. രാജ്യത്തെ ഏറ്റവും മികച്ച നഗരങ്ങളിലൊന്നായി

തിരുവനന്തപുരത്തെ മാറ്റാൻ കേന്ദ്രം പൂർണ പിന്തുണ നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരം നഗര വികസനത്തിൻറെ പ്രാഥമിക രൂപരേഖ മേയർ വി വി രാജേഷ് പ്രധാനമന്ത്രിക്ക് കൈമാറി.

**********************

## REV.PM–TAMILNADU

പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിലെ മധുരാന്തകത്ത് പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്തു. കേന്ദ്രവും സംസ്ഥാന സർക്കാരും തമ്മിലുള്ള മെച്ചപ്പെട്ട സഹകരണം ക്ഷേമപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുമെന്ന് അദ്ദേഹം വ്യക്തമാക്കി. AIADMK ജനറൽ സെക്രട്ടറിയും [പ്രതിപക്ഷ നേതാവുമായ എടപ്പാടി കെ പളനിസ്വാമി, മുൻ കേന്ദ്രമന്ത്രി അൻപുമണി രാമദാസ് എന്നിവരും സമ്മേളനത്തിൽ സംബന്ധിച്ചു.

**********************

## JITENDRA– SKILL SUMMIT

അവസരങ്ങളുടെ ചരിത്രപരമായ ജനാധിപത്യവൽക്കരണത്തിനാണ് രാജ്യം സാക്ഷ്യം വഹിക്കുന്നതെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിങ്. ഇത് യുവജനങ്ങളെ യഥാർത്ഥ അഭിരുചി കണ്ടെത്താനും, നൈപുണ്യത്തെ സുസ്ഥിര ഉപജീവനമാർഗമാക്കി മാറ്റാനും സഹായിക്കുന്ന ആവാസവ്യവസ്ഥ സൃഷ്ടിച്ചതായും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ നൈപുണ്യ ഉച്ചകോടി 2026നെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ജിതേന്ദ്രസിങ്.

**********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**********************

## PRAGATI SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടുകഴിഞ്ഞു. ഉത്തർപ്രദേശിലെ മൗ -ഘാസിപുർ -താരീഘാട്ട് ന്യൂ ബ്രോഡ്ഗേജ് റെയിൽവേ ലൈൻ പദ്ധതി പ്രഗതിയുടെ നേട്ടത്തിന് ഉദാഹരണമാണ്. ഉത്തർപ്രദേശിൽ മെച്ചപ്പെട്ട റെയിൽ അടിസ്ഥാനസൗകര്യവികസനം സാധ്യമാക്കിയ പദ്ധതി നടപ്പാക്കാൻ 2018 ൽ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകനയോഗത്തിലൂടെ സാധിച്ചു. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ പദ്ധതി നിർണായക പങ്കുവഹിച്ചു.

**********************

## PARIKRAM DIVAS

നേതാജി സുഭാഷ് ചന്ദ്രബോസിൻറെ ജന്മദിനമായ ഇന്ന് രാജ്യം പരാക്രം ദിവസ് ആചരിക്കുന്നു. ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി, ഉപ രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസിൻറെ പോരാട്ടം ദശലക്ഷക്കണക്കിന് ഇന്ത്യക്കാരിൽ ആത്മവിശ്വാസവും ഐക്യവും പകർന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹ മാധ്യമത്തിൽ പറഞ്ഞു.

**********************

## SARBANANDA SONOWAL

കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ സമഗ്ര വികസനത്തിന് 1500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാം യോഗത്തിന് കൊച്ചിയിൽ അധ്യക്ഷതവഹിക്കുകയായിരിന്നു അദ്ദേഹം. സംസ്ഥാനത്തെ ഉൾപ്പെടെ രാജ്യത്തെ വിനോദ സഞ്ചാര വികസനത്തിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ജലപാതകളുടെ സാധ്യത പരമാവധി ഉപയോഗിക്കും. ഇന്ത്യയുടെ ബഹുമുഖ ചരക്ക് നീക്കത്തിന് ഉൾനാടൻ ജലപാതകൾ തന്ത്രപരമായ പങ്കാളിത്തം വഹിക്കുന്നുവെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

**********************

## VIZHINJAM

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

**********************

## SABARIMALA-BAIL

ശബരിമല സ്വർണ്ണാപഹരണ കേസിൽ മുൻ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. ശബരിമല സ്വർണ്ണകൊള്ള കേസിൽ ഇതുവരെ അറസ്റ്റിലായവരിൽ ആദ്യമായി ജയിൽമോചിതനാകുന്ന വ്യക്തിയാണ് മുരാരി ബാബു. 90 ദിവസം

കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിലാണ് സ്വാഭാവിക ജാമ്യം. അതേസമയം തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് 14 ദിവസം കൂടി നീട്ടി. തന്ത്രിയെ ഇന്നും കോടതിയിൽ ഹാജരാക്കി. തന്ത്രിയുടെ ജാമ്യാപേക്ഷ ഈ മാസം 28ന് പരിഗണിക്കും.

**********************

## PM- ROZGAR MELA

നാളെ നടക്കുന്ന 18-ാമത് റോസ്ഗാർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിവിധ സർക്കാർ വകുപ്പുകളിൽ പുതുതായി നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് 61,000-ത്തിലധികം നിയമന ഉത്തരവുകൾ വിതരണം ചെയ്യും. വീഡിയോ കോൺഫറൻസിംഗിലൂടെ നടക്കുന്ന പരിപാടിയിൽ അദ്ദേഹം ഉദ്യോഗാർത്ഥികളെ അഭിസംബോധന ചെയ്യും. രാജ്യത്തുടനീളമുള്ള 45 ഇടങ്ങളിലാണ് 18-ാമത് റോസ്ഗർ മേള സംഘടിപ്പിക്കുന്നത്.

**********************

## REPUBLIC DAY REHEARSAL

ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ റിപ്പബ്ലിക് ദിന പരേഡിന്റെ ഫുൾ ഡ്രസ് റിഹേഴ്സൽ സംഘടിപ്പിച്ചു. രാജ്യത്തിന്റെ പൈതൃകവും സൈനിക കരുത്തും സാംസ്കാരിക വൈവിധ്യവും വിളിച്ചോതുന്നതായിരുന്നു റിഹേഴ്സൽ. ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെയറും റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥികളാകും.

**********************

## IND-NZ CRICKET

ഇന്ത്യ- ന്യൂസിലാൻഡ് ട്വന്റി–20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം റായ്പൂരിൽ പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുന്പോൾ ആദ്യം ബാറ്റ് ചെയ്യുന്ന ന്യൂസിലാൻഡ് 5 ഓവറിൽ 2 വിക്കറ്റിന് 45 റൺസ് എടുത്തിട്ടുണ്ട്. ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുക്കുകയായിരുന്നു.

**********************

## ASHWINI VAISHNAV

അടുത്ത 18 മാസത്തിനുള്ളിൽ ഇന്ത്യ സ്വന്തമായി മൊബൈൽ ബ്രാൻഡുകൾ പുറത്തിറക്കുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ സംസാരിക്കവെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇലക്ട്രോണിക്സ് മേഖലയിൽ വൻ പുരോഗതിയിലേക്ക് നീങ്ങുന്ന രാജ്യത്തിന് സ്വന്തമായി മൊബൈൽ ബ്രാൻഡുകൾ ഉണ്ടാകേണ്ട സമയമാണിതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

**********************

## PUTIN– WITKOFF MEET

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ യുഎസ് പ്രത്യേക പ്രസിഡൻഷ്യൽ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫുമായും വ്യവസായി ജാരെഡ് കുഷ്നറുമായും മോസ്കോയിൽ കൂടിക്കാഴ്ച നടത്തി. റഷ്യ-യുക്രെയ്ൻ വിഷയത്തിൽ നടന്ന ചർച്ചകൾ ഏകദേശം നാല് മണിക്കൂറോളം നീണ്ടുനിന്നു. സുരക്ഷാ വിഷയങ്ങളുമായി ബന്ധപ്പെട്ട റഷ്യ-യുഎസ്-യുക്രെയ്ൻ വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം അബുദാബിയിൽ നടത്താനും കൂടിക്കാഴ്ചയിൽ ധാരണയായി.

********************************************

**********************